## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2717** | **13-10-2021 - ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ മാസ്ക് നിർമ്മാണത്തിനായി കരാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി.സിദ്ദിഖ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് മാസ്ക് നിർമ്മാണത്തിനായി പട്ടികവർഗ്ഗ വകുപ്പ് ഏതെങ്കിലും കമ്പനികളെ കരാർ ഏല്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ കമ്പനിയുടെയും കരാറിന്റെയും വിശദാംശങ്ങൾ നൽകാമോ; | (എ) | മാസ്ക് നിർമ്മാണ ചുമതല ഏതെങ്കിലും സ്ഥാപനത്തെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ പട്ടിക വർഗ്ഗക്കാരായവർക്ക് മാസ്ക് നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി പൊതുതാല്പര്യ പത്രം ക്ഷണിച്ചതിൽ വിവിധ സ്ഥാപനങ്ങൾ നൽകിയ സാമ്പിളുകൾ ഒരു വിദഗ്ധ സമിതി പരിശോധിക്കുകയും സമിതിയുടെ നിർദ്ദേശ പ്രകാരം "വീവേഴ്സ് വില്ലേജ്" എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി ഇ-ടെൻഡർ ക്ഷണിച്ചിട്ടില്ല. സ്ഥാപനങ്ങളും അവർ ക്വാട്ട് ചെയ്ത തുകയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കരാർ ഇ-ടെൻഡർ മുഖേനയാണോ നൽകിയതെന്ന് വ്യക്തമാക്കാമോ; ആണെങ്കിൽ കരാറിൽ പങ്കെടുത്ത കമ്പനികളും അവർ മുന്നോട്ടുവച്ച തുകയും വിശദമാക്കാമോ; | (ബി) | മാസ്ക് നിർമ്മാണ ചുമതല ഏതെങ്കിലും സ്ഥാപനത്തെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ പട്ടിക വർഗ്ഗക്കാരായവർക്ക് മാസ്ക് നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി പൊതുതാല്പര്യ പത്രം ക്ഷണിച്ചതിൽ വിവിധ സ്ഥാപനങ്ങൾ നൽകിയ സാമ്പിളുകൾ ഒരു വിദഗ്ധ സമിതി പരിശോധിക്കുകയും സമിതിയുടെ നിർദ്ദേശ പ്രകാരം "വീവേഴ്സ് വില്ലേജ്" എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി ഇ-ടെൻഡർ ക്ഷണിച്ചിട്ടില്ല. സ്ഥാപനങ്ങളും അവർ ക്വാട്ട് ചെയ്ത തുകയും അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത കരാറിന്റെ ഭാഗമായി കരാർ ലഭിച്ച കമ്പനിക്ക് അഡ്വാൻസ് തുക നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദവിവരം നൽകാമോ; | (സി) | മാസ്ക് നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും നിർമ്മാണ വസ്തുക്കളുടെ വിതരണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, 1,48,54,970/- രൂപ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | പട്ടികവർഗ്ഗ വകുപ്പിന് മാസ്ക് നിർമ്മാണത്തിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ഡി) | അനുമതി നൽകിയിട്ടില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | സ്ഥാപനം | തുക |
|---|---|---|
| 1 | വീവേഴ്സ് വില്ലേജ്, റോസ് ബംഗ്ലാവ്, വഴുതക്കാട്, തിരുവനന്തപുരം | 1,61,47,488/- + GST |
| 2 | M/s അന്ന, ഭൂമിക, തിരുവനന്തപുരം | 2,09,78,950/- + GST |
| 3 | "പാവ" ക്രിയേറ്റീവ് സ്റ്റുഡിയോ, നാലാഞ്ചിറ, തിരുവനന്തപുരം | 2,04,07,800/- + GST |

സെക്ഷൻ ഓഫീസർ